# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5413 01.07.2019- ൽ മറുപടിക്ക്**

## ത്തുണിമില്ല് വ്യവസായം നേരിടുന്ന പ്രതിസന്ധി


| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.ഇ.പി.ജയരാജൻ |
| ശ്രീ.വി.കെ.സി.മമ്മത് കോയ | (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| ശ്രീ.എം.നൗഷാദ് | |
| ശ്രീ.ഡി.കെ.മുരളി | |


| ചോദ്യം | ഉത്തരം |
|---|---|
| (എ) കഴിഞ്ഞ യു.പി.എ. സർക്കാർ ആസിയാൻ കരാർ ഒപ്പുവെച്ചതിനെത്തുടർന്ന് തീരുവയില്ലാതെ നൂല്, വസ്ത്രം തുടങ്ങിയവ രാജ്യത്ത് ഇറക്കുമതി ചെയ്യുന്നതു മൂലം സംസ്ഥാനത്തെ തുണി മില്ലുകളുടെ പ്രവർത്തനത്തിലുണ്ടായ പ്രതിസന്ധിയും പ്രസ്തുത മേഖലയിലുണ്ടായ പ്രത്യാഘാതങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. രാജ്യത്ത് നൂല് ഇറക്കുമതി ചെയ്യുന്നതു മൂലം നൂലിന് മാർക്കറ്റിൽ വിലയിടിവു ഉണ്ടായിട്ടുണ്ട്. കൂടാതെ ഡിമോണിറ്റൈസേഷൻ, ജി.എസ്.റ്റി രൂപീകരണം എന്നിവ മാർക്കറ്റിൽ ഉണ്ടാക്കിയ പ്രതിസന്ധി കാരണം സംസ്ഥാനത്തെ മില്ലുകളിൽ നഷ്ടം സംഭവിക്കുകയും ആയത് മില്ലുകളുടെ പ്രവർത്തനത്തെയും തൊഴിലാളികളുടെ കൂലിയുൾപ്പെടെയുള്ള വേതനവ്യവസ്ഥകളെയും ബാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന തുണിമില്ലുകളെക്കുറിച്ചും അവയുടെ നിലവിലെ അവസ്ഥയെക്കുറിച്ചും വിശദമാക്കാമോ; | (ബി) പൊതു-സഹകരണ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ സ്പിന്നിംഗ് മില്ലുകളും വൻ നഷ്ടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.<br><br>ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ താഴെ പറയുന്നവയാണ്.<br>1)കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ<br>2)ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ<br>3)മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ<br>4)കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ<br>5)തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ<br>6)മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്<br>7)പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ |

8)കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ

കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ താഴെ പറയുന്നവയാണ്.

<u>സ്പിന്നിംഗ് മില്ലുകൾ</u>

1)പ്രഭുറാം മിൽസ്

2)കോട്ടയം ടെക്സ്റ്റൈൽസ്

3)എടരിക്കോട് ടെക്സ്റ്റൈൽസ്

4)മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്

5)ഉദുമ ടെക്സ്റ്റൈൽ മിൽ

<u>വീവിംഗ് മിൽ</u>

1)ഹൈടെക് വീവിംഗ് മിൽ, പിണറായി

<u>കോമ്പോസിറ്റ് മിൽ</u> (സ്പിന്നിംഗ് ആന്റ് വീവിംഗ്)

1)കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ

കൂടാതെ പൊതുമേഖലയിൽ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, ബാലരാമപുരം, സീതാറാം ടെക്സ്റ്റൈൽസ്, തൃശ്ശൂർ എന്നീ മില്ലുകളെല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മില്ലുകളിൽ ആവശ്യം വേണ്ട പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നു വരുന്നു.

മില്ലുകൾ നേരിടുന്ന പൊതുഅവസ്ഥകളിൽ പ്രധാനമായും മെഷീനറികളുടെ കാലപ്പഴക്കം, അസംസ്കൃത വസ്തുക്കളിന്മേലുള്ള വിലക്കയറ്റം, ഉല്പന്നങ്ങളുടെ വിലക്കുറവ്, യഥാസമയത്ത് പരുത്തി ലഭിക്കാത്തത്, കുറഞ്ഞ ഉല്പാദന ക്ഷമത, തൊഴിലാളികളുടെ ഉയർന്ന ആബ്സന്റീസം, പ്രവർത്തന മൂലധനത്തിലെ ശോഷണം, വർദ്ധിച്ച ബാധ്യത, കുറഞ്ഞ കൂലി എന്നിവയാണ്.

ഇവ പരിഹരിക്കുന്നതിന് സർക്കാർ ഇടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

| | |
|---|---|
| (സി)ഉണിമില്ല് തൊഴിലാളികളുടെ(സി) തൊഴിൽ സുരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി സർക്കാർ നടത്തിവരുന്ന ഇടപെടൽ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തെ പൊതുമേഖലയിലേയും സഹകരണ മേഖലയിലേയും സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 പേരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. 18.01. 2017 ൽ രൂപീകരിക്കപ്പെട്ട പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സംസ്ഥാനത്തെ സഹകരണ-പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനായി സർക്കാർ ധനസഹായം നൽകിവരുകയും മില്ലുകളുടെ പ്രവർത്തനം ക്രമമായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ചില മില്ലുകളിലെ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ പൂർത്തിയായി വരുന്നു. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടു കൂടി മില്ലുകളിലെ യൂട്ടിലൈസേഷൻ ഉയരുകയും ആനുപാതികമായി ഉൽപാദനം വർദ്ധിക്കുകയും മില്ലുകളിലെ നഷ്ടം കുറയുകയും ചെയ്യുന്നതാണ്. തത്ഫലമായി മില്ലുകൾ തടസ്സമില്ലാതെ പ്രവർത്തിച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമാണ്. കൂടാതെ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ദീർഘകാലകരാർ (LTA)ചർച്ച നടന്നു വരികയാണ്. ആവശ്യത്തിന് തൊഴിലാളികളെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്പിന്നിംഗ് മില്ലുകൾ കോട്ടൺ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ പൊതുവായി വാങ്ങിക്കുന്നതിന് സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി (സി.സി.പി.സി) പുന:രുജ്ജീവിപ്പിച്ച് പ്രവർത്തിച്ചു വരുന്നു. ഈ കമ്മിറ്റി യഥാസമയം ചേർന്ന് സർക്കാർ നൽകി വരുന്ന ധനസഹായമുൾപ്പെടെ ഉപയോഗപ്പെടുത്തി ന്യായമായ വിലയ്ക്ക് പരുത്തി വാങ്ങി വിതരണം ചെയ്തു വരുന്നു.

(ഡി) തുണിമില്ലുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി) തുണിമില്ലുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാക്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

മില്ലുകളുടെ ആധുനികവൽക്കരണത്തിനായി സർക്കാർ 2019-20 സാമ്പത്തികവർഷത്തിൽ 86 കോടി രൂപയോളം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ